Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**Press Release**

# Kerala's future lies in its industries capitalising knowledge: Minister P Rajeeve

**Kochi, March 04:** Kerala's future lies in its industries capitalising knowledge, and the industrial parks started on campuses of professional colleges according to the cabinet meeting are a step this direction, Minister for Industries, Law and Coir Shri P Rajeeve said.

The Minister was inaugurating the Kerala Scale-up Conclave 2024 organised by the Kerala State Industrial Development Corporation (KSIDC) for startup entrepreneurs here on Monday to create awareness about funding opportunities and feedback from the startups.

An officer will be appointed at KSIDC for scaling up purposes only, to guide them in speeding up the funding process and ensuring the timely starting of new ventures by young talents.

The minister said that through this initiative, it will be possible to increase the skill capacity and find talent.

The International AI Conference on Artificial Intelligence, being held in July, will open new horizons for young talents and startup entrepreneurs. The Robotics Roundtable Conference will also be held in the same month.

Shri Rajeeve also interacted with the conference participants on scaling up infrastructure, state support, and partnerships between professional colleges and industrial houses.

Shri Suman Billa, Principal Secretary (Industries), said successful home grown startups would strengthen the state's robust ecosystem to benefit young talents and their ventures.

Kerala has the upper hand in terms of the skill. Startups will be able to improve their operations in such a way that they can get better income by using it," he said.

KSIDC Chairman Shri Paul Antony said that it has been decided to increase the scale-up loan for startups and other industries to Rs 5 crore and that the rules and norms in this regard are being formulated.

Director of Industries and MD, KSIDC, Shri S Harikishore, said that KSIDC has been able to streamline the funding process to strengthen the startups. The KSIDC has also made efforts to bring positive changes in the attitude of banks in granting loans.

Shri Anoop Ambika, CEO of Kerala Startup Mission (KSUM), said entrepreneurs should clearly understand the difference between startups and micro, small and medium enterprises (MSMEs).

He said the easiest way to raise capital for startups is through KSIDC and Kerala Financial Corporation (KFC), and they should utilise the opportunity.

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

Kerala Industrial Infrastructure Development Corporation (Kinfra) MD Shri Santosh Koshy, Directorate of Industries and Commerce Additional Director KS Kripakumar also spoke.

The conclave, in various sessions, discussed proposals and strategies to improve the Kerala startup and scale-up ecosystem.

**ENDS**

പത്രക്കുറിപ്പ്
04.03.2024

# വിജ്ഞാനം വ്യവസായ മൂലധനമാക്കണം- പി രാജീവ്

കൊച്ചി: വിജ്ഞാനം മൂലധനമാക്കിക്കൊണ്ടുള്ള വ്യവസായത്തിലാണ് കേരളത്തിൻറെ ഭാവിയുള്ളതെന്ന് വ്യവസായ-കയർ-നിയമമന്ത്രി പി രാജീവ് പറഞ്ഞു. കഴിഞ്ഞ മാസം 29 ലെ മന്ത്രിസഭായോഗം അംഗീകരിച്ച കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ഈ ദിശയിലേക്കുള്ള കാൽവയ്പാണെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ സ്റ്റാർട്ടപ്പുകൾ സ്കെയിലപ് ചെയ്യുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ കേൾക്കാനും പരിഹരിക്കാനും ഇതിനായുള്ള നൂതന നയങ്ങൾ ആവിഷ്കരിക്കാനുള്ള ഫീഡ്ബാക്ക് ലഭിക്കുന്നതിനുമായി കെഎസ്ഐഡിസി സംഘടിപ്പിച്ച സ്കെയിലപ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്കെയിലപ് പ്രവർത്തനങ്ങൾക്കായി മാത്രം കെഎസ്ഐഡിസിയിൽ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

നിർമ്മിത ബുദ്ധിയിൽ ജൂലായിൽ ഇൻറർനാഷണൽ എഐ കോൺഫറൻസ് നടത്തുകയാണ്. റോബോട്ടിക്സ് റൗണ്ട് ടേബിൾ സമ്മേളനവും ജൂലായ് തന്നെ നടക്കുമെന്നും മന്ത്രി പറഞ്ഞു. സമ്മേളനത്തിൽ പങ്കെടുത്തവരുമായി മന്ത്രി ആശയവിനിമയവും നടത്തി.

കേരളത്തിൽ നിന്ന് ആരംഭിച്ച് വിജയം കൈവരിച്ച സ്റ്റാർട്ടപ്പുകൾ സ്കെയിലപ് ചെയ്യുന്ന പ്രവർത്തനം സംസ്ഥാനത്തു തന്നെ നടത്തണമെന്ന് വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻബില്ല പറഞ്ഞു. നൈപുണ്യശേഷിയുടെ കാര്യത്തിൽ കേരളത്തിന് മേൽക്കൈയുണ്ട്. അതുപയോഗപ്പെടുത്തിയാൽ മികച്ച വരുമാനം ലഭിക്കുന്ന രീതിയിൽ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്റ്റാർട്ടപ്പുകൾക്ക് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

സ്റ്റാർട്ടപ്പുകൾ അടക്കമുള്ള പുതിയ സംരംഭങ്ങൾക്ക് അഞ്ച് കോടി രൂപ വരെ വായ്പ നൽകാനുള്ള പദ്ധതി കെഎസ്ഐഡിസി രൂപീകരിച്ചിട്ടുണ്ടെന്ന് കെഎസ്ഐഡിസി ചെയർമാൻ പോൾ ആൻറണി പറഞ്ഞു. ഇതിനു വേണ്ടിയുള്ള ചട്ടങ്ങളും മാനദണ്ഡങ്ങളും രൂപീകരിച്ചു കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

സ്റ്റാർട്ടപ്പുകൾക്കുള്ള ധനസഹായത്തിൽ പെട്ടന്ന് തന്നെ നടപടികളെടുക്കാൻ കെഎസ്ഐഡിസിയ്ക്ക് സാധിച്ചിട്ടുണ്ടെന്ന് വ്യവസായവകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ് ഹരികിഷോർ പറഞ്ഞു. വായ്പകൾ അനുവദിക്കുന്നതിൽ ബാങ്കുകൾക്കുള്ള മനോഭാവത്തിൽ ശുഭകരമായ മാറ്റങ്ങൾ വരുത്താനും കെഎസ്ഐഡിസിയുടെ ശ്രമങ്ങൾക്കായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

സ്റ്റാർട്ടപ്പുകളും എംഎസ്എംഇകളും തമ്മിലുള്ള വ്യത്യാസം സംരംഭകർ കൃത്യമായി മനസിലാക്കണമെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. സ്റ്റാർട്ടപ്പുകൾക്ക് ഏറ്റവും എളുപ്പത്തിലുള്ള മൂലധന സ്വരൂപണം കെഎസ്ഐഡിസി, കെഎഫ്സി എന്നിവയിലൂടെയാണ് ലഭിക്കുന്നത്. ഇത് സ്റ്റാർട്ടപ്പുകൾ ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

കിൻഫ്ര എംഡി സന്തോഷ് കോശി, വ്യവസായ-വാണിജ്യവകുപ്പ് അഡി. ഡയറക്ടർ കെ എസ് കൃപകുമാർ തുടങ്ങിയവരും സംസാരിച്ചു. കേരള, ഓപ്പർച്യൂണിറ്റീസ് ഗാലോർ, മൈ ജേർണി എന്നീ വിഷയങ്ങളിലെ സെഷനുകളോടൊപ്പം, കേരള സ്റ്റാർട്ടപ്പ് ആൻഡ് സ്കെയിൽ അപ് ആവാസവ്യവസ്ഥ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും തന്ത്രങ്ങളും കോൺക്ലേവ് ചർച്ച ചെയ്തു.